(സി) കേരള ശിശുക്ഷേമസമിതി ചാരിറബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഭാരത ശിശുക്ഷേമ സമിതിയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ഒരു സന്നദ്ധ സംഘടനയാണ്. സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ടെങ്കിൽ അത് ചെയ്യേണ്ടത് ശിശുക്ഷേമ സമിതി തന്നെയാണ്.

ശിശുക്ഷേമ സമിതിയിലെ ക്രമക്കേടുകൾ

972. [1419) ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുക്ഷേമ സമിതിയിൽ ക്രമക്കേടുകൾ നടന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിലെന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഇങ്ങനെയൊരു ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ശിശുക്ഷേമ സമിതി അറിയിച്ചിരിക്കുന്നതിനാലും ഈ ആക്ഷേപം ഭാരത ശിശുക്ഷേമ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II ശ്രദ്ധക്ഷണിക്കൽ

(1) ചിറ്റൂർ ഷുഗർ മില്ലിന്റെ തകർച്ച

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, സഹകരണ മേഖലയിലെ വൻ വ്യവസായമായ ചിറ്റൂർ ഷുഗർ ഫാക്ടറി അഴിമതിയുടേയും, 9.30 a.m.] ധൂർത്തിന്റേയും കേന്ദ്രമായിരിക്കുകയാണ്. പഞ്ചസാര ഉല്പാദനത്തിൽ ഒട്ടും താല്പര്യമില്ല, കരിമ്പ് കൃഷിക്കാർക്ക് ഒരു പ്രയോജനവും ചെയ്യുന്നില്ല. മറിച്ച് അഴിമതി നടത്താൻ സഹായിക്കുന്ന സ്പിരിറ്റ് കടത്തലിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. ആണ്ടിൽ 10 മാസം വരെ പ്രവർത്തിച്ചിരുന്ന ഫാക്ടറി ഇപ്പോൾ 2 മാസം പോലും പ്രവർത്തിക്കുന്നില്ല. നൂറുകണക്കിന് തൊഴിലാളികൾ പട്ടിണിയിലാണ്. സ്പിരിറ്റ് കടത്തി സർക്കാരിന്റെ സ്വന്തക്കാർ കോടികൾ നേടുന്നു. സ്പിരിറ്റ് കടത്തലിലൂടെ സർക്കാരിന് രണ്ടുകോടി പതിമൂന്നുലക്ഷം രൂപ നഷ്ടം വന്നുവെന്ന് എക്സൈസ് അധികൃതർ തന്നെ കണക്കാക്കിയിരിക്കുന്നു. വൈപ്പിൻ മദ്യ ദുരന്തത്തെത്തുടർന്ന് 1981-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി റെക്ടിഫൈഡ് സ്പിരിറ്റിന്റെ ഇറക്കുമതി നിയന്ത്രിച്ചിരുന്നു. സ്പിരിറ്റ് കൊണ്ടുവരലും ചാരായം ഉല്പാദിപ്പിക്കലും ട്രാവൻകൂർ ഷുഗേഴ്സിനേയും മന്നം ഷുഗർ ഫാക്ടറിയുടേയും ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗർ ഫാക്ടറിയുടേയും ചുമതലയിലാക്കി. ഈ ഫാക്ടറികൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് നേരിട്ടാണ് സ്പിരിറ്റ് കൊണ്ടുവന്നിരുന്നത്. അന്ന് ഒരു ലിറ്ററിന് 90 പൈസയേ ചെലവുണ്ടായിരുന്നുള്ളു. എന്നാൽ 1984 ഡിസംബറിൽ പണം വാരിക്കൂട്ടുകയെന്നുള്ള ലക്ഷ്യത്തോടുകൂടി സ്പിരിറ്റ് കൊണ്ടുവരുന്ന ജോലി സ്വകാര്യവ്യക്തികളെ ഏല്പിച്ചു. ഹോട്ടൽ ശൃംഖല ഉടമയായ ശ്രീ. ബാബുതോമസ്സിനാണ് ആ സൗഭാഗ്യം കൈവന്നത്.

....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ഒരു കാളിംഗ് അറന്റൻഷൻ ആണ് നടക്കുന്നത്. കാളിംഗ് അറന്റൻഷൻ സമയത്ത് ആരോപണങ്ങളും ഉന്നയിക്കുന്നത് ഓർഡറിലാണോ ?

ശ്രീ. കെ. കൃഷ്ണൻകുട്ടി : കടത്തിയ ആളുകളിൽ പാവം പയ്യൻ ആനേറായും എന്നാണ് പറഞ്ഞത്. ഇവിടെ പത്രങ്ങളിലൊക്കെ വന്നതാണ്. പാവം പയ്യൻ ആനേറാ എന്ന പേര് പറഞ്ഞു. അതിലെന്താ തെറ്റ് ? സംസ്ഥാനത്തിന് പുറത്തുനിന്ന് സ്പിരിറ്റ് കൊണ്ടുവരുവാൻ ചില്ലറ ചെലവുകളല്ല ഉണ്ടായത്. * * * *

(ബഹളം)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : അദ്ദേഹം ഇതെല്ലാം എഴുതി വായിക്കുകയാണ് ചെയ്തത്, ആരോപണമായിട്ടാണ് ഉന്നയിച്ചത്. *** *

മി. സ്പീക്കർ : ശ്രീ. കൃഷ്ണൻകുട്ടി ചട്ടവിരുദ്ധമായി എന്തെങ്കിലും ആരോപണ സ്വഭാവമുള്ള പേര മന്ത്രിമാരെയോ മറ്റംഗങ്ങളേയോ ബാധിക്കത്തക്ക രീതിയിൽ പറഞ്ഞിട്ടുണ്ടെങ്കിൽ അതൊന്നും രേഖയിലുണ്ടായിരിക്കുകയില്ല, അത് പരിശോധിച്ച് ഉടൻതന്നെ പ്രഖ്യാപിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സംസ്ഥാനത്തിന് പുറത്തുനിന്ന് സ്പിരിറ്റ് കൊണ്ടുവരാൻ ചില്ലറ ചെലവുകളല്ല.....

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : അത് രേഖയിൽ നിന്ന് മാറ്റിയാലും പത്രങ്ങളിൽ വരും.

മി. സ്പീക്കർ : ഇല്ല, അത് പരിശോധിക്കാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്നതിന് ചില്ലറ ചെലവുകളുണ്ട് എന്നൊരു റിപ്പോർട്ട് പടച്ചുണ്ടാക്കി കൊള്ളലാഭമുണ്ടാക്കി. ആ ചെലവുകളും ചെയ്യാതിരുന്നാൽ സ്പിരിറ്റ് കിട്ടുക പ്രയാസമാണ് എന്നും വരുത്തിത്തീർത്തു. തികച്ചും തെറ്റായ ഒരു അനുമാനമായിരുന്നു അത്; കാരണം മഹാരാഷ്ട്രയിൽ ആവശ്യത്തിലധികം സ്പിരിറ്റും, മൊളാസസും സ്റ്റോക്കുണ്ടായിരുന്നു, സൗജന്യമായി മൊളാസസ് കൊണ്ടുപോകാൻപോലും മഹാരാഷ്ട്ര ഗവൺമെന്റ് പെർമിറ്റ് നല്കിയിരുന്നു. അതേക്കുറിച്ച് സ്വതന്ത്രമായ ഒരന്വേഷണം നടത്തിയാൽ ആ വസ്തുത അറിയാവുന്നതാണ്. അങ്ങനെ ബാബു തോമസ്സിനേയും ആനേറായേയും സഹായിക്കാൻ സ്പിരിറ്റ് കടത്തലിൽ ഹാൻഡ്ലിംഗ് ചാർജ്ജ് എന്നൊരു ഏർപ്പാടുണ്ടാക്കി. ആഡിറ്റർമാർ എതിർക്കാതിരിക്കാൻ അതിന് ട്രാൻസ്പോർട്ടിംഗ് ആൻറ് ഹാൻഡ്ലിംഗ് ചാർജ്ജ് എന്നൊരു പേരുമിട്ടു. വാസ്തവത്തിൽ അവർ ട്രാൻസ്പോർട്ടിംഗ് മാത്രമേ നടത്തിയിരുന്നുള്ളൂ. അന്ന് മഹാരാഷ്ട്രയിൽനിന്ന് ഒരു ലിറ്റർ സ്പിരിറ്റ് കൊണ്ടുവരാൻ ഷുഗർ ഫാക്ടറി നേരിട്ട് വരുത്തുന്നതിന് ലിറ്ററിന് ഒരു 75 പൈസയേ ചെലവുണ്ടായിരുന്നുള്ളൂ. ടെൻഡർ ഒന്നും വിളിക്കാതെ ഈ ജോലി കിട്ടിയ ബാബുതോമസ്സും ആനേറായുംകൂടി 45 ലക്ഷം ലിറ്റർ സ്പിരിറ്റ് കേരളത്തിലേക്ക് കടത്തി. ഇതിന് അവർ വാങ്ങിയ ട്രാൻസ്

* * * * സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പോർട്ടിംഗ് ആൻറ് ഹാൻഡ്ലിംഗ് ചാർജ്ജ് ലിറ്ററിന് 5 രൂപ 60 പൈസയായിരുന്നു. 75 പൈസ മാത്രം ചെലവ് വരുന്ന സ്ഥാനത്താണ് 5 രൂപ 60 പൈസ വാങ്ങിയത് !. സർക്കാരിനുണ്ടായ നഷ്ടം രണ്ടുകോടി പതിമൂന്നു ലക്ഷം രൂപ. കഴിഞ്ഞ ദിവസം നിയമസഭയിൽ ഇതേ ചോദ്യത്തിന് ട്രാൻസ് പോർട്ടിംഗിൻെറ ജോലി മുഴുവൻ ടെൻറർ വിളിച്ച് നല്കുമെന്നാണെന്ന് എക്സൈസ്മന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ രണ്ട് ഷുഗർ ഫാക്ടറി കൾക്കു മാത്രമേ ടെൻറർ വിളിച്ചു നൽകിയുള്ളൂ. സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നതിന് ടെൻറും, നോംസും വേണമെന്ന് 12-8-1986-ന് എക്സൈസ് മന്ത്രി വിളിച്ചു കൂട്ടിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടേയും ഫാക്ടറി മാനേജ്മെൻറിൻേറയും കോൺഫറൻസുകളിൽ നിർദ്ദേശിച്ചിരുന്നു. മൂന്നു ഫാക്ടറികളും അത് പാലിക്കാതെ ലിറ്ററിന് 5 രൂപ 60 പൈസവച്ച് ട്രാൻസ്പോർട്ടിംഗ് ചാർജ്ജിനു നോമിനിക്ക് നല്കി. ഇതറിഞ്ഞ 'ശക്തി എൻറർപ്രൈസസ്' എന്ന ഒരു സ്ഥാപനം 4 രൂപ 50 പൈസയ്ക്ക് ട്രാൻസ്പോർട്ടിംഗിനു തയ്യാറാണെന്ന് എക്സൈസ് വകുപ്പുമന്ത്രിയെ രേഖാമൂലം അറിയിച്ചു. എക്സൈസ്മന്ത്രി നിയമപ്രകാരം നിലവിലുള്ള സംവിധാനം റദ്ദാക്കി ടെൻറർ വിളിച്ച് ട്രാൻസ്പോർട്ടിംഗ് ഏല്പിക്കണമെന്ന് വീണ്ടും എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നല്കി. ഈ നിർദ്ദേശപ്രകാരം മന്നം ഷുഗേഴ്സ്, ട്രാവൻകൂർ ഷുഗേഴ്സ് എന്നിവർ ടെൻറർ വഴി 3/86-നും, 3/84-നും ട്രാൻസ്പോർട്ടിംഗ് നടത്തി. എന്നാൽ ചിറ്റൂർ ഷുഗർ ഫാക്ടറി മാത്രം ആ നിർദ്ദേശം പാലിച്ചില്ല.....

(ബഹളം)

മി. സ്പീക്കർ : [ശ്രീ. കൃഷ്ണൻകുട്ടി പറഞ്ഞതിൽ ചട്ടവിരുദ്ധമായി എന്തെങ്കിലുമുണ്ടെങ്കിൽ താമസംകൂടാതെ പരിശോധിച്ച് അത് രേഖയിൽ നിന്ന് നീക്കം ചെയ്യുന്നതാണ്.....(ബഹളം).....

ശ്രീ. കെ. കൃഷ്ണൻകുട്ടി : ചിറ്റൂർ ഫാക്ടറി 1986 ഒക്ടോബർ 15-ന് അഞ്ചുലക്ഷം ലിറ്റർ സ്പിരിറ്റ് ഇവിടെ കൊണ്ടുവന്നു. അതിനും പുറമേ 10 ലക്ഷം.....(ബഹളം).....

മി. സ്പീക്കർ : ശ്രീ. കൃഷ്ണൻകുട്ടി, അങ്ങയുടെ സമയം കഴിഞ്ഞു .....(ബഹളം).....
ഇത് കാളിംഗ് അറൻഷൻ ആണ്. ഇതിന് സാധാരണ നിലയിൽ ചില നടപടിക്രമങ്ങളുണ്ട്. ഏതായാലും അതിനെ സംബന്ധിച്ച് ഇവിടെ ഉയർന്നുവന്ന പ്രശ്നം പരിശോധിച്ച് പിന്നീട് പറയുന്നതാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി ചിറ്റൂർ ഷുഗർമില്ലിനെപ്പറ്റിയാണ് ഇവിടെ നോട്ടീസ് നൽകിയത്. അദ്ദേഹം ചിറ്റൂർ ഷുഗർമില്ലിനെക്കുറിച്ച് മാത്രമല്ല കേരളത്തിലുള്ള മറ്റ് ഷുഗർ മില്ലുകളെ സംബന്ധിച്ചും ഇവിടെ പരാമർശിക്കുകയുണ്ടായി. ചിറ്റൂർ ഷുഗർമില്ലിനെപ്പറ്റി പറഞ്ഞപ്പോൾ കരിമ്പുകൃഷിയും പഞ്ചസാര നിർമ്മാണവും അവിടെയില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹം പറഞ്ഞ പലതും വാസ്തവവിരുദ്ധവും അടിസ്ഥാനരഹിതവുമാണെന്ന് ഞാൻ ആദ്യമായി പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ന് കരിമ്പുകൃഷിയെപ്പറ്റി എല്ലാവർക്കും അറിവുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർക്ക്

---

* * * സഭാദ്ധ്യക്ഷൻെറ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അറിയാവുന്നതുപോലെ കൊഴിഞ്ഞാംപാറ ഭാഗങ്ങളിൽ വരൾച്ചമൂലം വേണ്ടത്ര മഴ കിട്ടാത്തതുകൊണ്ട് കരിമ്പുകൃഷിക്ക് വലിയ തകർച്ച ഉണ്ടായത് സത്യമാണ്. അത് പരിഹരിക്കുന്നതിനായി ഗവൺമെൻറ് ആവുന്ന എല്ലാ നടപടികളും എടുത്തിട്ടുണ്ട്. മാത്രമല്ല തമിഴ്നാട് ഗവൺമെൻറിൽനിന്നും മൂവായിരത്തിൽപ്പരം ഏക്കർ ഭൂമി കൂടുതലായി കരിമ്പുകൃഷിക്കുവേണ്ടി ലഭ്യമായിരിക്കുകയാണ്. അത് ഘട്ടം ഘട്ടമായി കൃഷിചെയ്ത് കൂടുതൽ കരിമ്പ് ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു കരിമ്പുകൃഷിക്കാർക്ക് വേണ്ടി ഈ ഗവൺമെൻറ് യാതൊന്നും ചെയ്യുന്നില്ലായെന്ന്. അത് തികച്ചും അടിസ്ഥാന രഹിതമാണ്. ഏക്കർ ഒന്നിന് 900 രൂപ മതിപ്പുവിലയുള്ള സി. ഒ. സി. 621 ഇനം 30,000 Free seeds കരിമ്പുകൃഷിക്കാർക്ക് സൗജന്യമായി നൽകി. ഏക്കർ ഒന്നിന് 75 രൂപ വിലവരുന്ന രോഗപ്രതിരോധത്തിനുള്ള മരുന്നുകളും സൗജന്യമായി നൽകി. 250 ടൺ കരിമ്പ് നൽകുന്നവർക്കും ടെട്ടൂൺ കരിമ്പിനും സബ്സിഡി നൽകാൻ ഗവൺമെൻറ് ഒരു പദ്ധതി ആവിഷ്ക്കരിച്ചു. സി. ഒ. സി. 6304, 62174 എന്നീ ഇനങ്ങളിലുള്ള കരിമ്പിനും സബ്സിഡി ഗവൺമെൻറ് നൽകുന്നുണ്ട്.

(ബഹളം)

സർ, സത്യം കേൾക്കുന്നതിൽ എന്താണിത്ര വിമ്മിഷ്ടം.....

നഴ്സറിയുണ്ടാക്കുവാൻ ഏക്കർ ഒന്നിന് 750 രൂപ വേറെയും നൽകുന്നു. കാർഷിക സർവ്വകലാശാലയുടെ ഗവേഷണകേന്ദ്രം ഈ പ്രദേശത്തു പ്രവർത്തിക്കുന്നു. ഉൽപ്പാദകനും കരിമ്പു കൊണ്ടുവരാനുള്ള റോഡുണ്ടാക്കുന്നതിനും പ്രത്യേക സഹായവും നൽകുന്നു. ഇങ്ങനെ ധാരാളം സഹായങ്ങൾ ഗവൺമെൻറ് ഈ കമ്പനിക്ക് നൽകുന്നു.

(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട താമരാക്ഷനും മറ്റും ഈ ശ്രദ്ധക്ഷണിക്കൽ മുഴുവനും വായിച്ചുനോക്കിയോ എന്നു സംശയമുണ്ട്. ഇവിടത്തെ പ്രശ്നം കൃഷിക്കാരും തൊഴിലാളികളും അനുഭവിക്കുന്ന പ്രശ്നമാണ്. അങ്ങനെ വരുമ്പോൾ കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ചു പറയണ്ടേ ?

ശ്രീ. ഇ. അഹമ്മദ് : സർ, ബഹുമാനപ്പെട്ട മെമ്പർ പലതും പറഞ്ഞു. അവിടെ തകർന്നുകൊണ്ടിരിക്കുകയാണ് എന്നും മറ്റും. ഇത് വസ്തുതകൾക്ക് നിരക്കാത്തതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിലേക്ക് ഞാൻ ഈ കമ്പനിയുടെ വർക്കിംഗ് പ്രോഫിറ്റിനെ സംബന്ധിച്ച് ഉദാഹരിക്കാൻ ആഗ്രഹിക്കുകയാണ്. 1984-85-ൽ 545.09 ലക്ഷം രൂപയുടെ ടേണോവറിൽ 14.54 ലക്ഷം രൂപ വർക്കിംഗ് പ്രോഫിറ്റ് ഉണ്ടായി. 1985-86-ൽ 687.50 ലക്ഷം രൂപയുടെ ടേണോവറിൽ 24.34 ലക്ഷം രൂപ വർക്കിംഗ് പ്രോഫിറ്റ് ഉണ്ടായി. 1979-80 മുതൽ 10 ശതമാനം ഡിവിഡൻറ് കമ്പനി നൽകി.

ബഹുമാനപ്പെട്ട മെമ്പർ സ്പിരിറ്റിനെ സംബന്ധിച്ച് ചില കാര്യങ്ങൾ ഇവിടെ പ്രൂണ്ടിക്കാണിച്ചു. അവിടെ കമ്പനികളിൽ നിന്നും സ്പിരിറ്റ് കൊണ്ടുവന്നു ചാരായം പ്രൊഡ്യൂസ് ചെയ്യുന്നത് എല്ലാവർക്കും അറിയാം. പഞ്ചസാര ഫാക്ടറികളിൽ നിന്നും ലഭിക്കുന്ന മൊളാസസ് ലാഭകരമായി ഉപയോഗിക്കാൻ വേണ്ടിയാണ് 1973-ൽ ഡിസ്റ്റിലറി സ്ഥാപിച്ചത്. ദിനം പ്രതി 9,000 ലിറ്റർ സ്പിരിറ്റ് അവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് കമ്പനിയുടെ റിപ്പോർട്ടിൽ കാണുന്നത്. റെക്ടിഫൈഡ്

LIBRARY ARCHIVES Kerala Legislative Assembly

സ്പിരിറ്റ് പുറം സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരേണ്ടതായിട്ടുണ്ട്. ഡിസ്റ്റിലറി പൂർണ്ണമായും ഒരുവർഷം മുഴുവനും പ്രവർത്തിക്കണമെങ്കിൽ ചുരുങ്ങിയത് പതിനായിരം ടൺ മൊളാസസ് വേണ്ടിവരും. കഴിഞ്ഞ വർഷം അവിടെ നിന്നും ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് 2759 ടൺ മൊളാസസ് മാത്രമാണ്. ഏതാണ്ട് ഇപ്പോൾ അവിടെ 16,000 ടൺ ലിറ്റർ സ്പിരിറ്റ് ഒരു ദിവസം ആവശ്യമാണ്. അവിടെ നിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയുന്നത് 8,000 ടൺ മാത്രമാണ്. ബാക്കി 8,000 ടൺ വെളിയിൽ നിന്നും കൊണ്ടുവരണം. അതിന് ഈ കമ്പനി എക്സൈസ് ഡിപ്പാർട്ടുമെന്റുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ എടുക്കുകയാണ്. ഈ സെപ്റ്റംബർ മാസത്തിൽ എന്റെ സഹപ്രവർത്തകനായ എക്സൈസ് മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തോടനുബന്ധിച്ച് എടുത്ത തീരുമാനം അനുസരിച്ച് ഇനിയുള്ളതെല്ലാം ഒരു നടപടി ചട്ടപ്രകാരം തന്നെയാണ് നടത്തുന്നത്. എല്ലാ കമ്പനികളെ സംബന്ധിച്ചും പത്രങ്ങളിൽ പലതും വന്നിട്ടുണ്ട്. പലതും അടിസ്ഥാനരഹിതമാണ്. എപ്പോഴെല്ലാം കമ്പനികളെപ്പറ്റി പത്രങ്ങളിൽ വരുന്നുവോ അപ്പോഴെല്ലാം അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണം നടത്തിയിട്ടുണ്ട്. തെറ്റാണെന്നു കണ്ടാൽ തെറ്റാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടിയെടുക്കും. നടപടിയെടുത്തിട്ടുണ്ട്. ഇന്നിപ്പോൾ എല്ലാം നടക്കുന്നത് എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവാദിത്വത്തോടുകൂടിയാണ്. അവരാണ് ആവശ്യമായ നിർദ്ദേശങ്ങളും കൊടുക്കാറുള്ളത്. അവരുമായിട്ടാണ് ഇതു സംബന്ധിച്ച് കൺസൾട്ട് ചെയ്യാറുള്ളത്. അവരുടേയുംകൂടി അഭിപ്രായം ആരാഞ്ഞിട്ടാണ് സ്പിരിറ്റ് സംബന്ധിച്ചുള്ള എല്ലാ നടപടികളും പഞ്ചസാര ഫാക്ടറികളും ചെയ്യുന്നത്. അതിന്റെ നിർദ്ദേശാനുസരണം മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ 'പ്രൊസീഡ്യുവർ വേണമെന്നും ടെൻഡർ വിളിക്കണമെന്നും' തീരുമാനിച്ചതിനുശേഷം ഒരിക്കലും ഒരു കമ്പനിയും നടത്തിയിട്ടില്ല. ഈ കമ്പനി പ്രത്യേകിച്ചും നടത്തിയിട്ടില്ല. ആരോടെങ്കിലുമുള്ള വ്യക്തിവിദ്വേഷം തീർക്കാൻ നിയമസഭയിലെ ഈ കാളിംഗ് അറ്റൻഷൻ ഉപയോഗിക്കുന്നത് ഒരിക്കലും നല്ല കീഴ്വഴക്കമല്ല എന്നു മാത്രമാണ് ഞാൻ പറയുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, 12-8-1986-ൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് വിളിച്ചുകൂട്ടിയ കോൺഫറൻസിന്റെ തീരുമാനത്തിനുശേഷം ചിറ്റൂർ ഷുഗർ ഫാക്ടറി ടെൻഡർ ഇല്ലാതെ കൊടുത്തിട്ടുണ്ടോ, കൊടുത്തിട്ടുണ്ടെങ്കിൽ ആ മാനേജുമെന്റിന്റെ പേരിൽ നടപടിയെടുക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഈ കമ്പനി സഹകരണസംഘപ്രകാരം രജിസ്റ്റർ ചെയ്തതാണ്. എനിക്കു കിട്ടിയ വിവരം അനുസരിച്ച് അതിന്റെ ഡയറക്ടർ ബോർഡ് തീരുമാനം എടുത്തതിനുശേഷം (അതിനു മുമ്പുള്ള കാര്യം എനിക്കറിയാൻ വയ്യ) ആ തീരുമാനത്തിന് വിരുദ്ധമായി, ഡിപ്പാർട്ടുമെന്റ് കൊടുത്ത നിർദ്ദേശത്തിന് വിരുദ്ധമായി ഒരു കമ്പനിയും നടപടിയെടുത്തിട്ടില്ല എന്നാണ് എനിക്ക് കിട്ടിയ വിവരം.

(2) വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ശുദ്ധജല വിതരണ പദ്ധതികളും.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഈ ശ്രദ്ധ ക്ഷണിക്കലിന് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയാണ് ഉത്തരം പറയേണ്ടത്. എങ്കിലും ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രികൂടി ഞാൻ പറയുന്ന കാര്യങ്ങളും ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുകയാണ്. അത്രയ്ക്ക് വളരെ ഗൗരവമുള്ള കാര്യമാണിത്. കേരളത്തിൽ നിരവധി

LIBRARY ARCHIVES Kerala Legislative Assembly